ശ്രീ. ആർ. ശങ്കർ : ചില കാര്യങ്ങളിൽ അങ്ങനെ വന്നിട്ടുണ്ടെന്നുള്ളതു ഗവണ്മെൻറിനറിയാം. ഒരിക്കൽ ചെയ്യുന്ന റിലീഫ് വർക്കുകൾ പിന്നീടു് ശ്രദ്ധിക്കാത്തതുമൂലം ചെയ്ത ജോലിപോലും പ്രയോജനപ്പെടാതെ പോകുന്നുണ്ടു്. റോഡുകളിൽ മണ്ണു് ഇടുക, ഗ്രാവൽചെയ്യുക തുടങ്ങിയ ജോലികൾ ചെയ്താൽ അടുത്ത മഴവരുമ്പോൾ അതെല്ലാം ഒലിച്ചുപോകുകയും അടുത്തകൊല്ലം വീണ്ടും അവിടെത്തന്നെ റിലീഫ് വർക്കുകൾ ആരംഭിക്കുകയും ഒക്കെചെയ്യിട്ടുണ്ടു്. അതിനൊരു ഉദാഹരണമാണു് ആലുപ്പുഴ—ചേർത്തലതോടു്. എത്രയോ വർഷമായി ഈ തോടുവെട്ടിൻെറ പണി ആരംഭിച്ചിട്ടു്. ഇതുവരെ അതു മുഴുവനാക്കിയിട്ടില്ല. അധികഭാഗവും വെട്ടിയിട്ടുള്ളതു ഇന്നു പ്രയോജനരഹിതമായി കിടക്കുകയുമാണു്. ഈ മാതിരി അനുഭവങ്ങൾ മേലാൽ ഉണ്ടാകാതിരിക്കുവാൻ ഗവണ്മെൻറു നോക്കാം. എത്രയും വേഗം ഇതിൻെറ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുവരുവാൻ ഈ തുക അനുവദിച്ചു തരണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

The question that a supplementary sum not exceeding Rs. 1,00,000 be granted under Demand XXXVI—Famine, was put and carried.

The grant was made.

Demand No. LV—Loans and Advances by the Government

Chief Minister (**Shri R. Sankar**): Sir, I move that a supplementary sum not exceeding Rs. 1,04,47,600 be granted under Demand LV—Loans and Advances by the Government.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

ശ്രീ. ആർ. കുഞ്ഞൻ : സർ, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയാണു്. പരാജയപ്പെട്ടു കഴിഞ്ഞുവെന്നു വിശ്വസിക്കാവുന്ന സർണ്ണനിയന്ത്രണച്ചട്ടത്തിൻെറ ഫലമായിട്ടു് അനവധി ലക്ഷം ജീവനുള്ള രക്തസാക്ഷികളെന്ന നിലയിൽ തൊഴിൽചെയ്യാൻ തയാറാണെങ്കിലും തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന സ്വർണ്ണത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി ഒരു തുച്ഛമായ സംഖ്യ ഈ ഡിമാൻറിൻെറ ഒരു ഭാഗമായി നീക്കിവെച്ചിട്ടുണ്ടു്. ഇതുവരെ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകളൊന്നും തന്നെ അവർക്കുവേണ്ടി വിനിയോഗിച്ചിട്ടില്ല. അങ്ങനെ നീക്കിവെച്ചിട്ടുള്ള തുകകൊണ്ടു് എത്രപേർക്കു് ഗുണം കിട്ടിയെന്നു് പരിശോധിച്ചാൽ, അതു് കടലാസിൽ മാത്രം അവശേഷിച്ചുവെന്നും കാണാൻ കഴിയും. സ്വർണ്ണത്തൊഴിലാളികളെ സഹായിക്കാൻ ഗവണ്മെൻറു് കാര്യമായി പ്രവർത്തിക്കുന്നുണ്ടല്ലോ എന്നു സ്വയം ആശ്വസിക്കാം. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം ഇതൊന്നുംതന്നെ അനുഭവത്തിൽ വരുന്നില്ലെന്നു മാത്രമല്ല, പതിനായിരക്കണക്കിനുള്ള കുടുംബങ്ങൾ ഇതു് കിട്ടുമെന്നു് സ്വപ്നം അയവിറക്കികൊണ്ടു് ഇന്നു് പട്ടിണികിടക്കുന്ന നിലപാടാണുള്ളതു്. സ്വർണ്ണത്തൊഴിലാളികളുടെ പരാധീനതകൾ നാടു മുഴുവൻ അലയടിച്ചതിൻെറ ഫലമായിട്ടു്, പഴയസ്വർണ്ണാഭരണങ്ങൾ പുതുക്കിപ്പണിയാനുള്ള അനുവാദം കൊടുക്കുകയും അതിനാവശ്യമായ ലൈസൻസു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ലൈസൻസു് കിട്ടിയ സ്വർണ്ണത്തൊഴിലാളികളെക്കൊണ്ടു് പഴയ ആഭരണങ്ങൾ പുതുക്കിപ്പണിയിക്കാൻ ആരും തയാറാകുന്നില്ല. അതിനു കാരണമുണ്ടു്. ഏതെങ്കിലും ആഭരണം പുതുക്കിപ്പണിയാൻ കൊടുത്താൽ, അതിൻെറകൂടെ വേറെ ഏതെങ്കിലും സ്വർണ്ണംകൂടി ചേർത്തു് പണിതാൽ, കള്ളസ്വർണ്ണം ചേർത്തു് പണിതാൽ, കള്ളസ്വർണ്ണം കണ്ടെടുക്കാൻ പോലീസ് വന്നു് എല്ലാംകൂടി എടുത്തുകൊണ്ടുപോകുമെന്നു് ഭയന്നാണു് ആരും പഴയ ആഭരണം പുതുക്കിപ്പണിയാൻ കൊടുക്കാത്തതു്. പതിനാലു ക്യാരറ്റു സ്വർണ്ണമാണെങ്കിൽ അതു് അവരുടെ ആവശ്യത്തിനു് കിട്ടുന്നതുമില്ല. അതു് സപ്ലൈ ചെയ്യാൻ ഗവണ്മെൻറിനു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

പദ്ധതികളുണ്ടെന്നു് പറയുന്നതല്ലാതെ ഇതുവരെയും അതു് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പതിനായിരക്കണക്കിനു രൂപ മുടക്കിയാൽ പോലും ഈ സ്വർണ്ണത്തൊഴിലാളികളെ സഹായിക്കാൻ സാധിക്കുകയില്ല. കാരണം അത്ര വിപുലമായ തോതിൽ സ്വർണ്ണത്തൊഴിലാളികളും ഈ രാജ്യത്തുണ്ടു്. ഏറ്റവും കലാത്മകമായ ആഭരണങ്ങളും നിർമ്മിക്കാൻ കഴിവുള്ള സ്വർണ്ണത്തൊഴിലാളികളുടെ കഴിവിനെ നശിപ്പിക്കാൻ മാത്രമാണീ സ്വർണ്ണ നിയന്ത്രണച്ചട്ടം ഉപകരിച്ചതു്. പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വെറും തുച്ഛമായ സംഖ്യയാണു് നീക്കിവച്ചിരിക്കുന്നതു്. സ്വർണ്ണത്തൊഴിലാളികൾക്കു് തൊഴിൽകൊടുക്കുന്നതിനുവേണ്ടിയുള്ള കുറെ പദ്ധതികളുടെ പേർ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടു്. അതിൽ എത്ര സ്വർണ്ണത്തൊഴിലാളികൾക്കു് ജോലി കിട്ടുമെന്നു് ചോദിച്ചപ്പോൾ, അതിനു സംശയകരമായ നിലയിലാണു് ഉത്തരം പറഞ്ഞതു്. സ്വർണ്ണത്തൊഴിലാളികൾക്കു് തൊഴിൽചെയ്യുന്നതിള്ള സഹായം ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കുന്നുണ്ടു് എന്നു് പറയുന്നു. പക്ഷേ അതിനു് ചേഴ്സണൽ സെക്യൂരിറ്റി കൊടുക്കണം. ആംജാമ്യം കൊടുക്കണമെന്നു പറഞ്ഞാൽ ആരെങ്കിലും സ്വർണ്ണത്തൊഴിലാളികൾക്കു വേണ്ടി ജാമ്യം നിൽക്കാൻ തയാറാകുമോ? കാരണം തൊഴിലില്ലാത്തവർക്കു് വേണ്ടി സെക്യൂരിറ്റിയെടുക്കുന്നതിനു് ആരും ജാമ്യം നിൽക്കാൻ തയാറാകുകയില്ല. അതുപോലെതന്നെ സ്വർണ്ണത്തൊഴിലാളികളുടെ കുട്ടികൾക്കു് ഫീസു് സൗജന്യവും പുസ്തകം വാങ്ങാനുള്ള സഹായവും ചെയ്യുന്നുണ്ടെന്നു പറയുന്നു. പക്ഷേ സ്വർണ്ണത്തൊഴിലാളികളുടെ കുട്ടികളാണെന്നു തെളിയിക്കുന്നതിനു് സർട്ടിഫൈ ചെയ്യാൻ ഉദ്യോഗസ്ഥന്മാർ മടിക്കുന്നു. ഉദ്യോഗസ്ഥൻ പറയുന്നതു് ഞാൻ എങ്ങനെ അറിയും സ്വർണ്ണത്തൊഴിലാളിയുടെ കുട്ടികളാണോ ഇതെന്നു്. കാരണം ഇപ്പോൾ സ്വർണ്ണത്തൊഴിലിൽ പല സമുദായങ്ങളിലുള്ളവരും ഏർപ്പെട്ടിട്ടുണ്ടു്. അങ്ങനെ ഉദ്യോഗസ്ഥന്മാർ സർട്ടിഫിക്കറു കൊടുക്കാൻ മടിക്കുന്നതിൻറെ ഫലമായിട്ടു് കുട്ടികൾക്കു് കിട്ടേണ്ട സഹായം കിട്ടാതെ പോകുന്നു. ഏതായാലും സ്വർണ്ണത്തൊഴിലാളികളെ പിന്നാക്കം പിടിച്ചു തള്ളുന്ന ഈ സ്ഥിതിവിശേഷത്തിൽ അവരെ സഹായിക്കുന്നതിനുവേണ്ടി വരുത്തിയിരിക്കുന്ന നടപ്പാകാത്ത വ്യവസ്ഥകളും കൊണ്ടുവന്നതു് ശരിയല്ല. സ്വർണ്ണ നിയന്ത്രണച്ചട്ടം പിൻവലിപ്പിക്കുന്നതിനു് കേന്ദ്രത്തെ നിർബന്ധിക്കാൻ ഈ ഗവണ്മെൻറു ധൈര്യത്തോടുകൂടി ശബ്ദം ഉയർത്തേണ്ടതാണു്. അതുവരെ സ്വർണ്ണത്തൊഴിലാളികളെ സഹായിക്കാൻ കൂടുതൽ സംഖ്യകളും വകയിരുത്തുകയും അവക്കാവശ്യമായ തൊഴിൽസൗകര്യങ്ങളുണ്ടാക്കികൊടുക്കുകയും ചെയ്യേണ്ടതാണു്. ഏതായാലും ഈ ഡിമാൻഡിൽ സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന സംഖ്യ വളരെ തുച്ഛമാണെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ : സർ, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നില്ല. എങ്കിലും എനിക്കു് ഇതിനെപ്പറ്റി ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. ആദ്യമായി ഇതിൽ ടൈറാനിയം പ്രോഡക്റ്റ്സിനുവേണ്ടിയുള്ള ഡിമാൻഡാണു് കൊടുത്തിട്ടുള്ളതു്. അതിൽ പത്തു് ടൺ ഉൽപ്പാദിപ്പിക്കുന്നതു് പതിനെട്ടു് ടണ്ണായി ഉയർത്താൻ തീരുമാനിച്ചിരിക്കുന്നുവെന്നാണു് പറഞ്ഞിരിക്കുന്നതു്. സർ, അതു് 50 ടണ്ണായി വികസിപ്പിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതിനെപ്പറ്റി ഈ നിയമസഭ തുടങ്ങിയ കാലം മുതൽ ഇവിടെ ആവർത്തിച്ചാവർത്തിച്ചു് പ്രസ്താവിച്ചിട്ടുള്ളതാണു്. ഇവിടത്തെ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള പല പ്രമുഖ ഉദ്യോഗസ്ഥന്മാർ ഇംഗ്ലണ്ടു്, ഫ്രാൻസു് മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു്, അതിനുശേഷം ജപ്പാനിലും പോയി ഇതിനെപ്പറ്റിയുള്ള കൂടുതൽ അന്വേഷണങ്ങളും നടത്തിയതായി അറിയുന്നു. അങ്ങനെ അന്യരാജ്യങ്ങളിലുള്ള വിദഗ്ദ്ധന്മാർ ഇവിടെ വന്നു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയുള്ള അന്വേഷണങ്ങളും നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലുള്ള ഈ ടൈറാനിയം ഫാക്ടറി, കേരളത്തിലെന്നല്ല, ഇൻഡ്യയിലെ ഏക ടൈറാനിയം ഫാക്ടറിയാണു്. ഇന്നു് ചവറയിൽനിന്നു് ലഭിക്കുന്ന അസംസ്കൃതസാധനമായ ലോഹമണൽ കയറ്റി അയയ്ക്കുകയാണു് ചെയ്യുന്നതു്. ആ ലോഹമണൽ ഉപയോഗിച്ചു് കൂടുതൽ ടൈറാനിയം ഉൽപ്പാദിപ്പിക്കാവുന്നതാണു്. അങ്ങനെ ടൈറാനിയം ഫാക്ടറി വികസിപ്പിക്കുന്നതുമൂലം ചവറയിലെ ലോഹമണൽ വ്യവസായവും വികസിപ്പിക്കപ്പെടുന്നതാണു്. ഇവിടെയുള്ള സാങ്കേതികവിദഗ്ദ്ധന്മാരെക്കൊണ്ടുതന്നെ ഇതു് അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നു് അറിയുന്നുണ്ടു്. അതു് ശരിയാണോയെന്നന്വേഷിച്ചു്, ഗവണ്മെൻറിൽനിന്നും അതിനെ കാര്യമായി പരിഗണിക്കേണ്ടതാണു്.

അടുത്തതായി ഈ ധനാഭ്യർത്ഥനയിൽ പറഞ്ഞിരിക്കുന്നതു് ഗവണ്മെൻറുടമയിലുണ്ടായിരുന്ന വ്യവസായസ്ഥാപനങ്ങളും, റീഓർഗനൈസു് ചെയ്തു് അഞ്ചു് ജോയിൻറു് സ്റ്റോക്കു കമ്പനികളാക്കിയതിനെപ്പറ്റിയാണു്. അതു് നല്ല ഒരു നടപടിയായി സമ്മതിക്കാം. ഗവണ്മെൻറുടമയിലുള്ള വ്യവസായങ്ങളും മുഴുവൻ നശിച്ചുപോകുന്നതിനെപ്പറ്റി ഇവിടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. അതിൽനിന്നും രക്ഷപെടുന്നതിനുവേണ്ടിയാണു് ഈ സ്ഥാപനങ്ങളെ കമ്പനികളാക്കി മാറ്റിയതെങ്കിൽ അതു് നല്ലതാണു്. ഇങ്ങനെ ഗവണ്മെൻറുടമയിൽ രൂപീകരിച്ചിട്ടുള്ള കമ്പനികളിൽ ചിലയാളുകൾക്കു് വമ്പിച്ച ഉദ്യോഗങ്ങൾ കൊടുക്കുകയെന്നുള്ള ഒരു പതിവു് കാണുന്നുണ്ടു്. അതായതു് ഗവണ്മെൻറിനു് താൽപ്പര്യമുള്ള ഉദ്യോഗസ്ഥന്മാരേയും, അനുദ്യോഗസ്ഥന്മാരേയും, റിട്ടയർ ചെയ്തവരേയും, വേണ്ടപ്പെട്ടവരേയുമെല്ലാം ഈ കമ്പനിയിലേക്കു് എടുത്തിട്ടുണ്ടു്; വമ്പിച്ച ശമ്പളവും കൊടുക്കും. ഇപ്പോൾ രൂപീകരിച്ച കമ്പനികളിലെങ്കിലും അത്തരത്തിലുള്ള നടപടിക്രമം ഉണ്ടാകരുതെന്നാണു് എനിക്കു് ഗവണ്മെൻറിനോടു് പറയുവാനുള്ളതു്. ഇതുവരെ ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളായി പ്രവർത്തിച്ചുവന്ന സ്ഥാപനങ്ങളാണു് ഇവ. അവയിലേക്കുള്ള നിയമനങ്ങൾ എങ്ങനെ നടത്തുമെന്നും, ആരു നടത്തുമെന്നും, അതു് പബ്ലിക്കു് സർവ്വീസു് കമ്മീഷൻറെ ചട്ടങ്ങൾക്കു ബാധകമാണോയെന്നും ഉള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക്കു് സർവ്വീസു് കമ്മീഷനു വിട്ടുകൊടുത്തതുപോലെ ഈ കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക്കു് സർവ്വീസു് കമ്മീഷനു് വിട്ടുകൊടുക്കുന്നതായിരിക്കും നല്ലതു്. പബ്ലിക്കു് സർവ്വീസു് കമ്മീഷൻറെ നിയമനചട്ടങ്ങളനുസരിച്ചുതന്നെ ഇതിലും നിയമനങ്ങൾ നടത്തേണ്ടതാണു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് സ്വർണ്ണത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയെപ്പറ്റിയാണു്. ഇതിലേക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന സംഖ്യ ഈ വർഷംതന്നെ ചെലവാക്കുമോയെന്നു് സംശയമാണു്. വ്യവസായവകുപ്പുമന്ത്രിയിൽനിന്നും ലഭിച്ച മറുപടിയിൽനിന്നും ഞങ്ങൾക്കു് മനസ്സിലാക്കാൻ സാധിച്ചതു്, സ്വർണ്ണത്തൊഴിലാളികളുടെ ആനുകൂല്യത്തിനുവേണ്ടി നീക്കിവച്ച സംഖ്യയിൽ ഒരു പൈസപോലും ഇതുവരെ ചെലവഴിച്ചിട്ടില്ലെന്നാണു്. അതുപോലെ സ്വർണ്ണത്തൊഴിലാളികളുടെ കുട്ടികൾക്കു് ഫീസു് സൗജന്യവും പുസ്തകങ്ങളും വാങ്ങുന്നതിനുള്ള സഹായവും ചെയ്തുകൊടുക്കുന്നുണ്ടെന്നു പറയുന്നു. പക്ഷേ അവർക്കു് പുസ്തകം വാങ്ങേണ്ട സമയത്തു് അതിനാവശ്യമായ സംഖ്യ ലഭിച്ചിട്ടില്ല. ഇങ്ങനെ അവർക്കു് ആശ്വാസം കൊടുക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നുണ്ടെന്നു് പറയുന്നുവെങ്കിലും അവയെല്ലാംതന്നെ മന്ദഗതിയിലാണു് നടപ്പിലാക്കുന്നതു്. വെള്ളപ്പൊക്കം മൂലമോ, കൊടുംകാറ്റുമൂലമോ ഉണ്ടായ കഷ്ടപ്പാടുപോലെയല്ല സ്വർണ്ണത്തൊഴിലാളികളുടെ കാര്യം. ഗവണ്മെൻറിൻറെ ഒരു നടപടി മൂലമാണു് അവർ ദുരിതത്തിലേക്കു് വലിച്ചെറിയപ്പെട്ടതു്. ഇക്കാര്യത്തിൽ സ്വർണ്ണത്തൊഴിലാളികളോ, ജനങ്ങളോ കുറ്റക്കാരല്ല. ഇതിൻറെ ഉത്തരവാദികൾ ഗവണ്മെൻറു മാത്രമാണു്. അവർ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷമാണെന്നുള്ളതു മാത്രമേ;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

അവരോടുള്ള അവഗണനയുടെ കാരണമായി ഞാൻ കാണുന്നുള്ളു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ തൊഴിൽരഹിതരായിത്തീർന്ന സ്വർണ്ണത്തൊഴിലാളികൾക്ക് ഒരു വർഷമായിട്ടും എന്തെങ്കിലും തൊഴിൽ കൊടുക്കാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. അതുകൊണ്ട് ഗവണ്മെൻറിൽനിന്നും അവർക്ക് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന ആശ്വാസനടപടികളും എത്രയും വേഗം നടപ്പിലാക്കുകയും, അതിനാവശ്യമായ ചട്ടങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് നാഷണൽ ലോൺ സ്കോളർഷിപ്പ് സ്കീമിനെപ്പറ്റിയാണു്. നാഷണൽ ലോൺ സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് തക്കസമയത്തു കൊടുക്കാത്ത ഒരു സ്ഥിതിവിശേഷമാണു് ഇവിടെയുള്ളതു്. വിദ്യാലയവർഷം അവസാനിക്കുന്ന ഘട്ടത്തിൽപോലും അവർക്ക് ഗവണ്മെൻറിൽനിന്നും ലഭിക്കേണ്ട സ്കോളർഷിപ്പ് ലഭിക്കുന്നില്ല. ഗവണ്മെൻറിൽനിന്നും കിട്ടേണ്ട സ്കോളർഷിപ്പ് കൂട്ടികൊടുക്കാൻ കിട്ടാത്തതുകൊണ്ട് ദേവസ്വംബോർഡിൽനിന്നും കൊടുക്കേണ്ടതും കിട്ടുന്നില്ല. നാഷണൽ ലോൺ സ്കോളർഷിപ്പ് അനുസരിച്ചുള്ള തുക ഈ വർഷം വിദ്യാർത്ഥികൾക്ക് ലഭിച്ചോയെന്നു് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഈ മാതിരിയുള്ള സ്കോളർഷിപ്പും മറ്റും വിദ്യാലയവർഷത്തിൻറെ ആരംഭം മുതൽ കൊടുത്തുതുടങ്ങാനുള്ള നടപടികളും ഗവണ്മെൻറിൽനിന്നും എടുക്കേണ്ടതാണു്. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ എം. എം. സുന്ദരം: സർ, ലോൺസ് അയിട്ടടത്തിൽ കൊണ്ടുവന്തിരുക്കും ഇന്ത ഉപമാന്യ കോരിക്കയിൽ കുറിപ്പാക രണ്ടു കാരിയങ്കളൈ നാൻ ചക്തിയാക എതിർക്കിറേൻ. കാരണം തങ്കവേലൈ തൊഴിലാളികളുക്കു സർക്കാർ ചെയ്തുള്ള നന്മൈകളൈ എണ്ണിപാർക്കുമ്പോതു വേതനൈപ്പടാമൽ യാരാലുമ് ഇരുക്കമുടിയാതു. നേറ്റൈയ തിനമ് ഇന്ത സപൈയിൽ ഒരു കേൾവിക്കു പതിലളിക്കുമ്പോതു മന്തിരിയേ കൂറിനാർ തങ്കവേലൈ തൊഴിലാളികളുക്കു ഐന്തു ലട്ചമ് രൂപായ് ഒതുക്കിയതിൽ ഇതുവരൈയുമ് 4000-രൂപായ് മാത്തിരമ്താൻ വിനിയോകിക്കപ്പട്ടിരുക്കിറതെന്റു. അവരുടൈയ കുറൈന്ത കണക്കുപ്പിരകാരമ് കിട്ടത്തട്ട 29,000 തൊഴിലാളികളുക്കു ഇന്ത 4000 രൂപായൈ പങ്കിട്ടാൽ സരാസരി 14 നൈയാ പൈസാതാൻ സെലവാക്കപ്പട്ടിരുക്കിറതു. അവസരപ് പിരകടനത്തിൻ മൂലമ് ഏറ്പട്ട തങ്കക് കട്ടുപ്പാടു സട്ടത്തിനുൽ മക്കൾ പാതിക്കപ്പട്ടിരുപ്പതു കൊഞ്ചനഞ്ചമല്ല. സർ, പല പട്ടിനി മരണങ്കളുമ് ഇതൻമൂലമ് ഏറ്പട്ടിരുക്കിറതു. അപ്പടിപ്പട്ട സന്തർപ്പത്തിൽ മക്കളുക്കാക സർക്കാർ 4000 രൂപായ് സെലവഴിക്കപ്പട്ടിരുക്കിറതെന്റു സൊല്ല വെട്കമില്ലൈയാ എന്റു നാൻ കേട്കിറേൻ. സർ, മറ്റുള്ള രാജ്യ സർക്കാർകൾ സെയ്തിരുപ്പതിൽ ഒരു 100-ൽ ഒരു അട്ചങ്കൂട ഇന്ത സർക്കാർ സെയ്യാതതു മന്നിക്കമുടിയാതതാകുമ്. മേലുമ് ഇപ്പൊഴുതു കൊണ്ടുവന്തിരുക്കുമ് ഉപമാന്യ കോരിക്കയിലുമ് ഉരുപ്പടിയാക ഇമ്മക്കളുക്കു സെയ്യക്കൂടിയതു എതുവുമേ ഇല്ലൈ. തൈയൽ, കൈത്തൊഴിൽ പോന്റ സിറു ഉതവികൾമൂലമ് ഇവർകൾ പിരച്നൈക്കു പരികാരമ് കാണമുടിയാതു. സർ, നകരങ്കളിൽ വാഴ്വതുപോല കിരാമങ്കളിലുമ് തങ്കവേലൈ തൊഴിലാളികൾ ആയിരക്കണക്കിൽ വാഴ്കിൻറനർ. ആകവേ നകരങ്കളിലുമ് കിരാമങ്കളിലുമ് എവ്വളവു പണമ് സെലവാക്ക മുടിയുമോ അവ്വളവു സെലവു സെയ്തു തൊഴിറ്സാലൈകൾ ഉരുവാക്കി ഇവർകളുക്കെല്ലാമ് വേലൈ കൊടുപ്പതുടൻ പോതിയ അളവു സൊന്ത ജാമീൻ പേരിൽ കടൻ കൊടുത്തു ഉതവുവേണ്ടുമ്. ഇപ്പോതു ലൈസൻസു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

எடுக்க ஒரு രൂபாய் பீஸ் 4-அണ ஸ்டாம்பு, அதுபோக ஐந்து രൂபாய் வரை செலவாக்கி போட்டோ எடுக்கவேண்டுமென்രൂல் திப்பற்றிய விட்டில் சுருட்டுக்கு நெருப்பு கேட்ட கதையாகத்தான் இருக்கிறது. ஆகவே, பீஸோ ஸ்டாம்போ இல்லாமல் மனுக்கள் பெற்றுக் கொள்வதுடன் போட்டோ எடுப்பதற்கான செலவு சர்க்காரிலிருந்து கொடுக்கவேண்டும். அடுத்த படியாக வீடுகட்டும் திட்டத்திற்கு கடனுதவி அளிப்பது பற்றி சர்க்கார் இதுவரை அமல் நடத்தியிருக்கும் கடனுதவி திட்டங்கள் எல்லாம் ஒன்று கூட வெற்றிகரமாக நடைபெறவில்லை. இன்டஸ்ரியல் ஹவுஸிங் லோன், பிளான்டேஷன் ஹவுஸிங் ஸ்கீம், இன்கம் க்ரூப் ஹவுஸிங் ஸ்கீம், வில்லேஜ் ஹவுஸிங் ஸ்கீம் இவைகள் எல்லாம் உருப்படியாக எதுவுமே நடை பெறவில்லை. கடந்த வருட பட்ஜெட்டில் வீடுகட்டும் திட்டத்திற்காக ஒதுக்கப்பட்ட பணத்தால் இதுவரை எழுபது சத வீதம் செலவாக்கப் படவில்லை என்பதிலிருந்தே நமது சர்க்கார் இந்த திட்டங்களை நடத்தும் லட்சணம் புலனுகிறதல்லவா. அப்படியிருக்க இன்ஸ்யூரன்ஸ் நிதியிலிருந்து வீடுகட்டும் திட்டம் கடன் வினியோகிக்கப்போகிறேம் என்று சொல்வது சுத்த அபத்தமானது. என். ஜி. ஓ. களுக்கு வீடுகட்ட கடன் அளிக்கும் திட்டம் இருந்தது. மாதம் நூறு രൂபாய் சம்பளம் உள்ளவர்களுக்கு கடன் உதவி அளிக்கலாம் என்று இருந்த രൂல்ஸ்-ஐ மாற்றி 150 രൂபாயாக உயர்த்தி னீர்கள். இப்போது அந்த திட்டத்தையே கைவிட்டு விட்டீர்கள். இதெல்லாம் பார்க்குமிடத்து என்னுடைய உறுதியான அபிப்பிராயம் ஒரு ஹவுஸிங் போர்டு ஏற்படுத்தி யார் யாருக்கு எந்த முறையில் திட்டத்தை பயன்படுத்தவேண்டும் என்று ஒரு பிளான் தயாராக்கி அதன் அடிப் படையில் அல்லாமல் இப்போதுள்ள திட்டத்தின் பெயரால் ஒரு நையா பைசாகூட செலவாக்குவதற்கு இந்த சர்க்காருக்கு அருகதை இல்லை. நல்லெண்ணத்தோடு லட்சியம் உருப்படியாக நடைபெற வேண்டுமென் நிருக்குமானால் என் அபிப்பிராயத்தை அங்கீகரிக்க வேண்டும். அதுவல்ல உங்களுக்கு வேண்டிய சில ஆட்களுக்கு உதவி செய்யலாமென்ற நோக்கம் மாத்திரம் இருக்குமானால் உருப்படாமல் செய்யுங்கள் என்று கூறிக்கொண்டு இந்த உபமான்ய கோரிக்கையை நான் சக்தியாய் எதிர்க்கிறேன்.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ലോൺസ് ഫോർ റീഹാ ബിലിറ്റേഷൻ ഓഫ് ഗോൾഡ്സ്മിത്ത്സ് എന്ന പറഞ്ഞിട്ടുള്ള 'കു' 1 (എച്ച്); അതിൽ ഇൻഡ്യാഗവണ്മെൻറിന്റെ സബ്സിഡിയരുണചട്ടമനുസരിച്ച് ഇവിടെ നിരാധാരമായിരുന്നിട്ടുള്ള സ്വർണ്ണത്തൊഴിലാളികളെ പുനരധിവസി പ്പിക്കുന്നതിനുവേണ്ടി രണ്ടുലക്ഷത്തിഅറുപതിനായിരം രൂപ നീക്കിവെച്ചിരി ക്കുകയാണ്. അതു പുതിയ ഒരു സർവ്വീസ് ആയതുകൊണ്ട് അതനുസരിച്ചുള്ള സാങ്കേതിക നടപടികളെടുത്തു. ഗവണ്മെൻറ് ഇതിനെപ്പറ്റി കൂലംകഷമായി ആലോചിച്ചതിനുശേഷം ആദ്യം നീക്കിവെച്ചിരുന്ന രണ്ടുലക്ഷത്തി അറുപതി നായിരം രൂപ ആവശ്യമില്ലെന്നു കണ്ടു. സർ, ഇരുപത്തിയെട്ടായിരത്തിലധികം സ്വർണ്ണത്തൊഴിലാളികളും ജോലിയില്ലാത്ത യാതനകളും അനുഭവിക്കുന്നുണ്ടെന്ന് ഈ അസംബ്ലിയിൽത്തന്നെ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഗവണ്മെൻറ് അവർക്കു വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികളൊന്നുതന്നെ കടലാസിൽ എഴുതിവെച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. അതിന്റെ ഫലമായി സ്വർണ്ണത്തൊഴിലാളികളും ആത്മഹത്യവരെ ചെയ്തിട്ടുള്ളതായിട്ടറിയുന്നു. അങ്ങനെയിരിക്കെ ഗവണ്മെൻറിന്റെ പരിശോധനയുടെ ശേഷം ആദ്യം നീക്കിവെച്ചിരുന്നതിൽനിന്നും അൻപതിനായിരം രൂപ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളതു്. അതിനുള്ള കാരണമെന്താണ് എന്നു് മനസ്സിലാകുന്നില്ല. ഗോൾഡ് സ്മിത്തിന്റെ പേഴ്സണൽ സെക്യൂരിറ്റിക്കു വേണ്ടി 35,000 രൂപ നീക്കിവെച്ചിരിക്കുകയാണ്. ഗോൾഡ്സ്മിത്തിനെ

സഹായിക്കുന്നതിനു വേണ്ടി അഞ്ചു് ഇനം പരിപാടികളും ഗവണ്മെൻറിൽ നിന്നും തയാറാക്കിയിരിക്കുകയാണു്. അതിൽ എത്രയെണ്ണം നടപ്പിലാക്കിയിട്ടുണ്ടെന്നാണു് ഞാൻ ചോദിക്കുന്നതു്. 35,000 രൂപ അവർക്കു് കടം കൊടുക്കുന്നതിനു വേണ്ടി നീക്കിവെച്ചിരിക്കുന്നുവെങ്കിലും, അവർ ആവശ്യപ്പെട്ടിട്ടും അതിൽ യാതൊരു സംഖ്യയും കൊടുക്കാൻ തയാറായിട്ടില്ലെന്നു് കണ്ണൂർ ജില്ലയെ സംബന്ധിച്ചു് എനിക്കു് നേരിട്ടു അനുഭവമുള്ളതാണു്. ഞാൻ തന്നെ അതിനെപ്പറ്റിയുള്ള നിവേദനങ്ങളും അവിടത്തെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കു് അയച്ചുകൊടുത്തിട്ടുണ്ടു്. അഞ്ചു് ഇനം പദ്ധതികളും ഗവണ്മെൻറിൽ നിന്നു് ആസൂത്രണം ചെയ്തിട്ടുള്ളതിൽ ഏതെല്ലാം നടപ്പിൽ വന്നിട്ടുണ്ടെന്നും അതിനെ സംബന്ധിച്ചുള്ള വിശദീകരണവും തന്നാൽ കൊള്ളാം.

നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീമിലേയ്ക്കു് 6,51,600 രൂപ നീക്കിവെച്ചിട്ടുണ്ടെങ്കിലും മാർച്ചുമാസം 31—ാംതീയതിവരെയായിട്ടും അതു് കൊടുത്തുതീക്കുന്നതിനുള്ള നടപടികളും എടുത്തിട്ടില്ല. മാത്രമല്ല ഇതു് ഭാരതപ്പുഴയുടെ വടക്കോട്ടുള്ള കേരളത്തിലെ ഒരൊറ്റ ആളിനേയും ബാധിക്കുന്നതുമില്ല. ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും പരിഗണിച്ചിട്ടുണ്ടോ? ഈ മാർച്ചു് മാസം 31—ാംതീയതിക്കുള്ളിൽ തന്നെ ഇതെല്ലാം കൊടുത്തുതീക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണു്. ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ, ശരിയായ നിലപാടു് ഗവണ്മെൻറിൽനിന്നും സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതുമൂലം ഗവണ്മെൻറു് ആവശ്യപ്പെടുന്ന ഈ കടത്തിൻെറ നല്ലൊരു ഭാഗം ഇപ്പോഴും ജായിൻറു് സ്റ്റോക്ക കമ്പനികളായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഗവണ്മെൻറു സ്ഥാപനങ്ങളുടെ നടത്തിപ്പിനു വേണ്ടിയാണു്. ഈ പരീക്ഷണം വിജയിക്കുന്നതിനു് നാം പ്രാർത്ഥിക്കുക. ഒരു അരിവാൾ മാറിയതുകൊണ്ടു് കൊയ്ത്തു നന്നാകുകയില്ലെന്നു മനസിലാക്കണം. ഈ കമ്പനികളുടെ രേണറിപ്പോർട്ടും മറ്റും പരിശോധിച്ചതിൽ അതു് ലാഭകരമായി നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വളരെ ദുർല്ലഭമാണെന്നു് കാണാം. അതിനു പല കാരണങ്ങളുമുണ്ടു്. ആ റിപ്പോർട്ടിൽ പറയുന്ന ന്യൂനതകളും ഗവണ്മെൻറു പഠിച്ചുകൊണ്ടു് അതു് പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നു കാണാൻ കഴിയും. ഉദാഹരണമായി ട്രാവൻകൂർ പ്ലൈവുഡു് ഇൻഡസ്ട്രീസിൻെറ വർഷാന്ത്യ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു് പ്രവർത്തനം പുരോഗമിച്ചിട്ടില്ലെന്നാണു്. കാരണം അസംസ്കൃത പ്ലൈവുഡു് സപ്ലൈ ഉണ്ടായിട്ടില്ലെന്നുള്ളതാണു്. അതുപോലെതന്നെ സോപ്പു് ഇൻസ്റ്റിറ്റ്യൂട്ടിൻെറ കാര്യമെടുത്തുനോക്കിയാലും അതിൻെറ പ്രവർത്തനത്തിനാവശ്യമായിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങളും ശേഖരിക്കാൻ കഴിയാത്തതുകൊണ്ടു വലിയ നഷ്ടത്തിലാണെന്നു കാണാൻ സാധിക്കുന്നതാണു്. പലപ്പോഴും ഈ അസംസ്കൃതപദാർത്ഥങ്ങളുടെ വില ഏറ്റക്കുറച്ചിൽ വ്യവസായത്തെ ശരിയായി ബാധിക്കുന്നു എന്നു വ്യക്തമായിട്ടും ഒരു ശാസ്ത്രീയമായ അടിസ്ഥാനത്തിൽ മേലിൽ അതു് ശേഖരിക്കുന്നതിനു ഗവണ്മെൻറു നടപടി എടുത്തിട്ടില്ല. മറെറാന്നു ഇന്നു പല ഫാക്ടറികളും നടത്തപ്പെടുന്നതു് വളരെ ആധുനികമായ രീതിയിലല്ല. പലതിനേയും മെഷീനറികളും പുതുക്കേണ്ടതായിട്ടുണ്ടു്. ഉദാഹരണമായി കോഴിക്കോട്ടെ സോപ്പു ഇൻസ്റ്റിറ്റ്യൂട്ടുതന്നെ എടുത്തു നോക്കിയാൽ അവിടെ പുതിയ മെഷീനറി സ്ഥാപിച്ചു് ആധുനികരീതിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതിൻെറ ഫലമായി ലിവർ ബ്രദേഴ്സുമായി കംപീറു ചെയ്യാൻ സാധിച്ചിട്ടില്ല. കോഴിക്കോട്ടെ സോപ്പു ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു മെസോണിക്കു് പ്ലാൻറു് സ്ഥാപിക്കുന്നതിനു് പദ്ധതിയുണ്ടായിരുന്നു. അതിനുവേണ്ട ഏർപ്പാടുകൾക്കു് വിദേശനാണ്യം ലഭിക്കാത്തതിൻെറ ഫലമായി അതു് ഇറക്കുമതി ചെയ്യാൻ സാധിക്കാത്തതുകൊണ്ടു് അതു് ഇൻഡ്യയിൽതന്നെ നിർമ്മിക്കുന്നതു കിട്ടാൻ സാധിക്കുമോ എന്നു പരിശോധിച്ചു. അങ്ങനെ മൂന്നുകൊല്ലം പരിശോധിച്ചതിനുശേഷം അതു് കിട്ടുകയില്ലെന്നു ഉറപ്പായി, ഏതായാലും രണ്ടും മൂന്നും പഞ്ചവത്സരപദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കയും കഴിഞ്ഞിട്ടും ഈ ഒരാറാറ യന്ത്രം കിട്ടാത്തതിന്റെ ഫലമായി ഈ സോപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിഷ്കാരം നടന്നിട്ടില്ലെന്ന മനസിലാക്കുമ്പോൾ സ്വന്തം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടത്തപ്പെടുന്ന വ്യവസായങ്ങളുടെ അഭിവൃദ്ധിയെക്കുറിച്ച് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇവിടെ കുറെ സ്ഥാപനങ്ങളെ ജായിന്റ് സ്റ്റാക്കുകമ്പനികളാക്കി മാറിയിരിക്കുകയാണു്. എന്റെ അറിവു ശരിയാണെങ്കിൽ എല്ലാ കമ്പനികൾക്കുംകൂടി ചെയർമാനോ മാനേജിംഗ് ഡയറക്ടരോ ഒരാളാണെന്നാണു് തോന്നുന്നതു്. എന്നാൽ ഈ സ്ഥാപനങ്ങൾക്കു ഇന്നു സാങ്കേതികപരിചയമുള്ള ആളുകളെയാണു് ആവശ്യം. ഇതിൽ ഞാൻ ടൈററാനിയം പ്രോഡക്ടസിന്റെ റിപ്പോർട്ടു വായിച്ചതിൽ അവിടെ സാങ്കേതിക വിദഗ്ദ്ധന്മാരുടെ അഭാവം കാര്യമായി സ്പർശിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ടു്. ഏതായാലും കമ്പനികളായി ഇവയെ രൂപാന്തരപ്പെടുത്തിയതോടൊപ്പം തന്നെ ഇതുവരെ ഉണ്ടായിട്ടുള്ള ന്യൂനതകൾ പരിഹരിച്ചു അതാതു കാലത്തു് സ്വകാര്യമേഖലയിലെ മറ്റു വ്യവസായങ്ങളുമായി മത്സരിക്കാനുള്ള ഒരു കഴിവു് ഈ ഗവണ്മെന്റു് വ്യവസായങ്ങൾക്കുണ്ടായാൽ മാത്രമേ അവ നിലനിൽക്കുകയുള്ളു. അല്ലെങ്കിൽ പൊതുഖജനാവിലെ നികുതി പണം ദുർവ്യയം ചെയ്യുകയായിരിക്കും ഫലം എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ അനുകൂലിക്കുന്നതോടൊപ്പം മേലിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കുവാൻ ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണമെന്നഭ്യർത്ഥിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി : (ശ്രീ. കെ. എ. ദാമോദരമേനോൻ) : ഇവിടെ ഉന്നയിക്കപ്പെട്ട വിമർശനങ്ങളിൽ പ്രധാനമായി രണ്ടു കാര്യങ്ങളെക്കുറിച്ചാണു് എനിക്കു് മറുപടി പറയുവാനുള്ളതു്. ശ്രീ. നാരായണക്കുറുപ്പു് പറഞ്ഞ ഇന്നു നിലവിലുള്ള ഗവണ്മെൻറു് ഉടമയിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ജായിന്റ് സ്റ്റാക്കു് കമ്പനികളാക്കി പുനസംഘടിപ്പിച്ച കാര്യത്തെ സംബന്ധിച്ചാണു് ഒന്നാമതായി എനിക്കു് പറയുവാനുള്ളതു്. ഇതിനു മുൻപു് ഈ കാര്യം ഞാൻ ഇവിടെ വിശദീകരിച്ചിട്ടുള്ളതാണു്. ഈ വ്യവസായങ്ങളും ഇവിടെ നടന്നുകൊണ്ടിരുന്നതു് ചിലപ്പോഴും ലാഭത്തിലും ചിലപ്പോഴും നഷ്ടത്തിലുമാണു്. ആ അനുഭവമാണു് ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു് ആ കാര്യങ്ങളെല്ലാം ഒന്നു പരിശോധിച്ചു് വിപുലപ്പെടുത്തി ഇതൊക്കെ നല്ല വ്യവസായങ്ങളാക്കി ഉയർത്തിക്കൊണ്ടുവരുന്നതിനു് പല പ്രയാസങ്ങളുണ്ടെന്നുള്ള വസ്തുത നാം വിസ്മരിച്ചിട്ടു കാര്യമില്ല. ഗവണ്മെൻറിന്റെ ഡിപ്പാർട്ടുമെൻറു നടത്തുന്ന ഒരു വ്യവസായത്തിനു് ശ്രീ. നാരായണക്കുറുപ്പു് പറഞ്ഞ കാര്യത്തിൽതന്നെ അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങുന്നതിലും മറ്റും ഫിനാൻഷ്യൽ റഗുലേഷനനുസരിച്ചു് ആ കാര്യങ്ങളെല്ലാം നടപ്പിൽ വരുത്താൻ പ്രയാസമുണ്ടു്. അധികാരവികേന്ദ്രീകരണം കൊടുത്താൽത്തന്നെയും ഫിനാൻസു് ഡിപ്പാർട്ടുമെൻറിന്റെയും ആഡിറ്റു ചട്ടങ്ങളുടേയും നിലവിലുള്ള റൂളുകളനുസരിച്ചില്ലെങ്കിൽ ഒരു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറു സ്ഥാപനത്തിനു് അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല. ആ വസ്തുത മനസിലാക്കിയാണു് ഇൻഡ്യയിൽ ഒട്ടാകെതന്നെയും, പൊതുമേഖലയിൽ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്ന വ്യവസായങ്ങളും ഇങ്ങനെയുള്ള കമ്പനികളായി രൂപാന്തരപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ആ പരിഷ്കാരം ഇവിടെയും ആവശ്യമാണെന്നാണു് ഇതേ സംബന്ധിച്ചു് റിപ്പോർട്ടു സമർപ്പിച്ച ആ വിദഗ്ദ്ധ കമ്മിറ്റി തന്നെയും ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. അതെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞ കാര്യങ്ങളാണു്. പിന്നെയും ഈ വ്യവസായങ്ങളിൽ മുടക്കിയിട്ടുള്ള മൂലധനത്തെപ്പറ്റിയും അതിൽനിന്നുണ്ടാകുന്ന ലാഭത്തെപ്പറ്റിയുമൊക്കെ പിന്നീടു് വിശദമായ ചർച്ചകൾ നടത്താം. അതുകൊണ്ടു് പഴയ അനുഭവം വച്ചുകൊണ്ടു് ഇതൊന്നു പുനസംഘടിപ്പിച്ചാൽ മാത്രമേ സ്വയം ഇതിനു് പുരോഗമിക്കാനും ആദായം ഉണ്ടാക്കാനും കഴിയുകയുള്ളു എന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടതുകൊണ്ടാണു് ഇങ്ങനെയൊരു മാറ്റം വരുത്തിയിട്ടുള്ളതു്. ആ കാര്യത്തിൽ ആർക്കും സംശയത്തിനവകാശമില്ല. ശ്രീ. നാരായണക്കുറുപ്പു പറഞ്ഞതുപോലെ മെസോണിക്കു് പ്ലാന്റു് നന്നാക്കുന്നതിനു് പദ്ധതിയുണ്ടു്. അതു വിദേശത്തുനിന്നു ഇറക്കുമതി ചെയ്യേണ്ടതാണു്. അതിനു വേണ്ട വിദേശനാണ്യത്തിനു കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറു അനുവാദം തന്നു. അതു കിട്ടാതിരുന്നതാണു്. എന്തുകൊണ്ടു് കിട്ടിയില്ല എന്നു ചോദിച്ചാൽ, ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഇൻഡ്യയിൽ പല നല്ല സ്ഥാപനങ്ങളുമുള്ളതുകൊണ്ടു് ഇവിടെ നിന്നുതന്നെ കിട്ടുമോ എന്നു പരിശ്രമിച്ചുനോക്കി. ഇതുവരെ കിട്ടിയില്ല. പക്ഷേ അതു കിട്ടാൻ നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. കഴിയുന്നതും വേഗം ഈ വ്യവസായത്തിലുള്ള ബുദ്ധിമുട്ടുകളില്ലാതാക്കി ഈ പരിഷ്കാരം നടപ്പിലാക്കാൻ കഴിയുമെന്നാണു് ഗവണ്മെൻറിൻെറ അഭിപ്രായം. പിന്നെ അദ്ദേഹം പറഞ്ഞു, ഒരു മാനേജിംഗു് ഡയറക്ടരെ മാത്രമേ ഈ ഡിപ്പാർട്ടുമെൻറു സ്ഥാപനങ്ങൾക്കായി നിയമിച്ചിട്ടുള്ള എന്നു്. ഈ വ്യവസായങ്ങളെല്ലാം ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടന്നുവന്നതാണു്. ഓരോ വ്യവസായസ്ഥാപനങ്ങളിലും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥന്മാരുണ്ടു്. അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം കുറെ ആളുകൾ ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പോയിട്ടുള്ളവരാണു്. കുറേ ആളുകൾ അവിടെതന്നെ വന്നിട്ടുള്ളവരാണു്. ഇവരുടെയൊക്കെ ജോലിസൗകര്യം നിജപ്പെടുത്തുക എന്നുള്ള കാമൺപ്രോബ്ലത്തിനു് തീരുമാനം എടുക്കേണ്ടതായിട്ടുണ്ടു്. ആ കാമൺ പ്രോബ്ലത്തിനു് ഒരു തീരുമാനം എടുക്കുന്നതുവരെയാണു് ഇങ്ങനെ ഒരു ജനറൽമാനേജരെ ഉദ്യോഗത്തിൽ തുടരുവാൻ അനുവദിച്ചിട്ടുള്ളതു്, അല്ലാതെ ഒരു ഡയറക്ടരെ വയ്ക്കണമെന്നല്ല ഗവണ്മെൻറിൻെറ ഉദ്ദേശം. അവിടെയുണ്ടാകുന്ന കാമണായ എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണുന്നതുവരെയാണു് ഇങ്ങനെ ഒരു മാനേജിംഗു് ഡയറക്ടരെ നിയമിച്ചിട്ടുള്ളതു്.

പിന്നെ ഇവിടെ സ്വർണ്ണത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. രണ്ടുമൂന്നു പ്രാവശ്യം ഇതെപ്പറ്റി ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണു്. അവശതയനുഭവിക്കുന്ന സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി ഗവണ്മെൻറു് നേരത്തേതന്നെ ഒരു പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടു്. പത്തുലക്ഷം രൂപ ഈ കാര്യത്തിനു വേണ്ടി കടമായി, കോവാപ്പറേറീവു് സൊസൈറ്റികളുണ്ടാക്കാനും, ചെറുകിട വ്യവസായങ്ങൾ തുടങ്ങാനും, പേഴ്സണൽ സെക്യൂരിറ്റിയിൽ കടം കൊടുക്കാനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടു്. പക്ഷേ അതു് ഇനിയും നിർവ്വഹിക്കപ്പെട്ടിട്ടില്ല. ഇതിൽ കുറച്ചു സംഖ്യ മാത്രമേ ചെലവായിട്ടുള്ളൂ. സ്വർണ്ണനിയന്ത്രണ ചട്ടത്തിൽ കുറെ അയവു് വന്നതിൻെറ ഫലമായി ഇന്നത്തെ നമ്മുടെ പദ്ധതിയനുസരിച്ചുള്ള സൊസൈറ്റികൾ സ്ഥാപിച്ചു് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും, കടമെടുക്കുന്നതിനും കാര്യമായ ഉത്സാഹം സ്വർണ്ണത്തൊഴിലാളികളുടെ പക്കൽനിന്നു് ഉണ്ടാകുന്നില്ല. ഇതിൻെറ നടപടി ക്രമങ്ങൾക്കുവേണ്ടി പ്രത്യേക ഉദ്യോഗസ്ഥന്മാരെതന്നെ വച്ചിട്ടുണ്ടു്. കഴിഞ്ഞ ഒന്നു രണ്ടു മാസമായി പ്രവർത്തിക്കുകയാണു്. സൊസൈറ്റികൾ തുടങ്ങുന്നതിനും മറ്റു അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ കിട്ടുന്നതിനുമായി മുന്നോട്ടു വരുന്നതിനു് സ്വർണ്ണത്തൊഴിലാളികൾ ഒരു ശ്രദ്ധക്കുറവു് കാണിക്കുന്നില്ലെന്ന ആക്ഷേപമുണ്ടു്. അതൊക്കെ ഇല്ലാതാക്കാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെ കാര്യമായി സഹായിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നീക്കിവച്ച പത്തുലക്ഷം രൂപയുടേയും അഭ്യർത്ഥന വന്നിട്ടില്ല. ഇപ്പോൾ ചെലവാക്കാൻ കഴിയുന്നതു മാത്രമാണു് ഒരു ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടിരിക്കുന്നതു്.

The question that a supplementary sum not exceeding Rs. 1,04,47,600 be granted under Demand LV—Loans and Advances by the Government, was put and carried.

The Grant was made.

Demand I—Agricultural Incometax and Salestax

The question that a supplementary sum not exceeding Rs. 56,400 be granted under Demand I — Agricultural Incometax and Salestax, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly